LIBRARY ARCHIVES Kerala Legislative Assembly

കേരള വാട്ടർ അതോറിറ്റി നടപ്പാക്കുന്ന കാലിക്കറ്റ് വാട്ടർ സപ്ലൈ സ്കീം

15 [3359] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "കാലിക്കറ്റ് വാട്ടർ സപ്ലൈ സ്കീം—ഓഗ്മെന്റേഷൻ സ്റ്റേജ് 2" എന്ന പദ്ധതിക്ക് കുളിമാട് പമ്പ് ഹൗസിൽ വൈദ്യുതി ലഭ്യമാക്കാൻ ഉണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ വൈദ്യുതി നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി കെ.എസ്.ഇ.ബി.-ക്ക് എത്ര തുക അടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എങ്കിൽ എന്നാണ്;

(സി) എത്ര തുക അടയ്ക്കണമെന്നാണ് കെ.എസ്.ഇ.ബി. നിർദ്ദേശിച്ചിട്ടുള്ള തെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് വൈദ്യുതി ലഭ്യമാക്കാൻ ആവശ്യമായ എസ്റ്റിമേറ്റും കെ.എസ്.ഇ.ബി. തയ്യാറാക്കി വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കറന്റ് ചാർജ്ജിനത്തിൽ കുടിശ്ശികയായി 6.59 കോടി രൂപ അടയ്ക്കാൻ ഉള്ളതിനാൽ അഡീഷണൽ പവർ അലോക്കേഷൻ നല്കിയിട്ടില്ല.

(ബി) മേൽപ്പറഞ്ഞ തുക അടച്ചിട്ടില്ല.

(സി) നിലവിലുള്ള കുടിശ്ശിക അടച്ചു തീർക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(ഡി) കുടിശ്ശിക പൂർണ്ണമായും അടയ്ക്കുന്ന മുറയ്ക്കു മാത്രമേ വിശദമായ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റിക്ക് നൽകാനാകു.

വൈദ്യുതി പോസ്റ്റുകൾ നിർമ്മിക്കൽ

16 [3360] ശ്രീ. ഇസഹാക് കുരിക്കൾ:
,, പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ:
,, നാലകത്ത് സൂപ്പി:
,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കണക്ഷൻ നൽകുന്നതിന് വൈദ്യുത പോസ്റ്റുകളുടെ ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിൽ പോസ്റ്റുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പോസ്റ്റുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും ഇനിയും എന്തെല്ലാം സംവിധാനങ്ങളാണ് ആവശ്യമെന്നും വ്യക്തമാക്കുമോ;

(ഡി) ഇത് ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മഞ്ചേരി സർക്കിളിൽ അടുത്ത അഞ്ചു വർഷത്തേയ്ക്ക് ആവശ്യമായ പോസ്റ്റുകൾക്കുവേണ്ടി ടെണ്ടർ ക്ഷണിക്കുകയും, ഓർഡർ കൊടുക്കാനുള്ള നടപടികൾ എടുത്തുവരുകയും ചെയ്യുന്നു.

(സി ആന്റ് ഡി) സംസ്ഥാനത്തെ വൈദ്യുതി വിതരണരംഗത്തേയ്ക്കാവശ്യമായ പോസ്റ്റുകൾ 13 പോൾ കാസ്റ്റിംഗ് യാർഡുകളിൽ നിന്നാണ് ലഭ്യമാക്കുന്നത്. കൂടാതെ പുതിയ ടെണ്ടർ പ്രകാരം ഓരോ സർക്കിളുകളിലും യാർഡുകൾ സ്ഥാപിച്ച് അടുത്ത അഞ്ചു വർഷത്തേയ്ക്ക് ആവശ്യമായ പോസ്റ്ററുകൾ ലഭ്യമാക്കുന്നതിലേയ്ക്ക് വേണ്ട നടപടികൾ എടുത്തുവരുന്നുണ്ട്.

ഹോട്ടലുകൾക്കും ബേക്കറികൾക്കും വൈദ്യുതി ആനുകൂല്യം

17 [3361] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി ഉപഭോഗത്തിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ;

(ബി) ടൂറിസം വികസനത്തിന്റെ ഭാഗമായി ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ, ലോഡ്ജുകൾ എന്നിവയ്ക്ക് ഇത്തരം ആനുകൂല്യം നൽകുവാൻ തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് എൽ.റ്റി. IV എന്ന വ്യാവസായിക നിരക്കാണ് നൽകിയിരിക്കുന്നത്. നിലവിലുള്ള നിരക്ക് താഴെ പറയുന്നു. ഫിക്സഡ് ചാർജ് ഒരു KW-ന് ഒരു മാസം 45 രൂപ എനർജി ചാർജ് ഒരു യൂണിറ്റിന് 3.25 രൂപ. ഇത് വ്യാപാരം, ചില സ്ലാബുകളിലുള്ള ഗാർഹികം തുടങ്ങിയ നിരക്കുകളെക്കാൾ കുറവാണ്.

LIBRARY ARCHIVES Kerala Legislative Assembly